"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ:എച്ച്3/26117/2010

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 15.03.2014.

**<u>സർക്കുലർ</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജൂലൈ 2012-ൽ വിജയിച്ച ട്രെയിനികളുടെ വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കിയത് അന്തിമ പരിശോധന നടത്തി വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

**********

ജൂലൈ 2012-ൽ വിജയിച്ച ട്രെയിനികളുടെ വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി പരിശോധനയ്ക്കായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും ഓരോ സ്ഥാപനത്തിന്റെയും ഇ-മെയിൽ വിലാസത്തിൽ അയക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങൾ ടി വിവരങ്ങൾ പരിശോധിച്ച് വേണ്ട തിരുത്തലുകൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തി അന്തിമ പരിശോധനയ്ക്കായി ഇതിനോടൊപ്പം നൽകുന്നു.

ജൂലൈ 2010 വർഷം മുതൽ ഫെബ്രുവരി 2012 വർഷം വരെയുള്ള ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ച ട്രെയിനികൾക്കുള്ള എൻ.ടി.സി.കൾ ഓരോ സ്ഥാപനത്തിനും ഡയറക്ടറേറ്റിൽ നിന്ന് വിതരണം നടത്തിയിരുന്നു. ടി എൻ.ടി.സി.കൾ കൈപ്പറ്റുന്ന അവസരത്തിൽ ചില ട്രെയിനികളുടെ വിവരങ്ങൾ സി.ഡി.യിൽ രേഖപ്പെടുത്താത്ത കാരണത്താൽ ടി ട്രെയിനികളുടെ എൻ.ടി.സി.കൾ ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിരുന്നു. ടി വിവരങ്ങൾ 7 ദിവസത്തിനകം നേരിട്ട് ഡയറക്ടറേറ്റിൽ ഹാജരാക്കാമെന്ന് പ്രതിജ്ഞാപത്രത്തിൽ രേഖപ്പെടുത്തി ഒപ്പ് രേഖപ്പെടുത്തി നൽകിയിട്ടുള്ളതുമാണ്. ഇതിൽ ചില സ്ഥാപനങ്ങൾ മാത്രമേ ടി വിവരങ്ങൾ ഹാജരാക്കിയിട്ടുള്ളൂ. ടി വിവരങ്ങൾ ഫോർമാറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ ഖണ്ഡികകൾ പ്രകാരമുള്ള വിവരങ്ങൾ വളരെ സൂക്ഷ്മതയോടെ പരിശോധിക്കുകയും എന്തെങ്കിലും തിരുത്തലുകളോ ഏതെങ്കിലും ട്രെയിനികളുടെ വിവരങ്ങൾ കൂട്ടി ചേർക്കാനോ ഉണ്ടെങ്കിൽ ടി വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി സി.ഡി.യിൽ രേഖപ്പെടുത്തി **<u>25.03.2014 ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗിന് നേരിട്ട് നൽകേണ്ടതാണ്.</u>** ഡി.ജി.ഇ.റ്റി.യിൽ ടി വിവരങ്ങൾ അടിയന്തിരമായി നൽകേണ്ടതിനാൽ ടി. സമയ പരിധി കൃത്യമായി പാലിക്കേണ്ടതാണ്. **<u>തപാൽ മാർഗ്ഗമോ ഇ-മെയിൽ</u>**

**മുഖേനയോ ഹാജരാക്കുന്ന വിവരങ്ങൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ലായെന്ന് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ 25.03.2014 ന് ശേഷം ലഭിക്കുന്ന വിവരങ്ങൾ പരിഗണിക്കുന്നതല്ലായെന്നും ശ്രദ്ധയിൽപ്പെടുത്തുന്നു.**

ഇതോടൊപ്പം ചേർത്തിട്ടുള്ള വിവരങ്ങളിൽ യാതൊരു അപാകതയും ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും. കൂടാതെ ജൂലൈ 2010 വർഷം മുതൽ ഫെബ്രുവരി 2012 വർഷം വരെയുള്ള ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ചതും എന്നാൽ മുൻപ് സി.ഡി.യിൽ രേഖപ്പെടുത്താൻ വിട്ടുപോയതായിട്ടുള്ളതുമായ ട്രെയിനികളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതിന്റെയും പൂർണ്ണമായ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും. ഇതിൽ വീഴ്ച സംഭവിക്കാനിടയായാൽ ട്രെയിനികൾക്ക് എൻ.ടി.സി. ലഭിക്കാൻ കാലതാമസം ഉണ്ടാകുമെന്ന് ഓർമ്മപ്പെടുത്തുന്നു. തൊഴിൽ വൈദഗ്ദ്യം നേടിയ നിരവധി ട്രെയിനികളുടെ ഭാവിയെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രിൻസിപ്പാൾമാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരത്തിലുള്ള വീഴ്ച ഗുരുതരമായ കൃത്യവിലോപമായി കാണുന്നതായിരിക്കും.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ആർ.ഇ.17.3.14